# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** 10.03.2020 ൽ

**ചോദ്യം നമ്പർ: 1736** മറുപടിക്ക്

**പോലീസ് സേനയിൽ പതിനഞ്ച് ശതമാനം വനിതാ പ്രാതിനിധ്യം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീമതി . വീണാ ജോർജ്ജ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) പോലീസ് സേനയിൽ പതിനഞ്ച് ശതമാനം വനിതാ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിനായുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;<br><br>(ബി) ഇതുവഴി എല്ലാ വനിതാ പോലീസ് സ്റ്റേഷനുകളിലും മതിയായ വനിതാ പോലീസുകാരുടെ പ്രാതിനിധ്യം ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | എ) യും (ബി) യും | സംസ്ഥാന പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന്റെ ഭാഗമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. വനിതാ പോലീസിന്റെ 400 (380 പി.സി.+20 ഹവിൽദാർ) തസ്തിക അനുവദിച്ചുകൊണ്ട് സ. ഉ.(കൈ) നമ്പർ 15/2017/ ആഭ്യ. തീയതി. 30.01.2017 പ്രകാരം ഒരു വനിതാ പോലീസ് ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്.<br>2. സ. ഉ.(കൈ) നമ്പർ 175/2019/ആഭ്യ. തീയതി. 05.11.2019 പ്രകാരം നിലവിൽ വനിതാ പോലീസ് സ്റ്റേഷനുകളില്ലാത്ത പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ റവന്യൂ ജില്ലകളിൽ നാല് വനിതാ പോലീസ് സ്റ്റേഷനുകൾ ജില്ലാ ആസ്ഥാനത്തു തന്നെ ആരംഭിക്കുന്നതിനും ടി. സ്റ്റേഷനുകളിൽ ഓരോന്നിലും 19 തസ്തികകൾ വീതം ആകെ 76 (4X19) തസ്തികകൾ അനുവദിച്ചുകൊണ്ടും ടി. തസ്തികകളിൽ 20 തസ്തികകൾ പുതിയതായി സൃഷ്ടിച്ചും 56 തസ്തികകൾ പുനർ വിന്യസിച്ചുകൊണ്ടും തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ